പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6716 09/11/2016 -ൽ മറുപടിയ്ക്ക്

## ദേവസ്വം വക സ്വത്തുക്കൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ബഹു. ഊർജ്ജവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) സംസ്ഥാനത്ത് ദേവസ്വം വക സ്വത്തുക്കൾ എത്രമാത്രം മറ്റുള്ളവർ കയ്യേറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള 1123 ക്ഷേത്രങ്ങളിലായി 24693 ഏക്കർ ഭൂമി അന്യാധീനപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിന്റെ അധീനതിയിലുള്ള 12.2195 ഹെക്ടർ ഭൂമിയിൽ കയ്യേറ്റം കണ്ടെത്തിയിട്ടുണ്ട്.<br><br>ഗുരുവായൂർ ദേവസ്വത്തിന്റെ കീഴിൽ ചാവക്കാട് താലൂക്കിൽ 13 ഏക്കർ 93 സെന്റ് ഭൂമിയിൽ 1 ഏക്കറോളം സ്ഥലം അന്യാധീനപ്പെട്ടിട്ടുണ്ട്.<br><br>തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിൽ ഉള്ള വസ്തുക്കളിൽ 400 ഏക്കറോളം ഭൂമി അന്യാധീനപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കൂടൽമാണിക്യം ദേവസ്വത്തിൽ 35 സെന്റ് കൈയേറിയതായി അറിവുള്ളതാണ്. ഭൂമി മുഴുവൻ അളന്നുതിട്ടപ്പെടുത്താത്തതിനാൽ യഥാർത്ഥ കൈയ്യേറ്റം കൃത്യമായി കണക്കാക്കിയിട്ടില്ല. |
| ബി) അന്യാധീനപ്പെട്ട ഭൂമികൾ തിരികെ പിടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | ബി) അന്യാധീനപ്പെട്ട ഭൂമികൾ തിരികെ പിടിക്കുന്നതിന് ദേവസ്വം ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ